# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

നമ്പർ. C4/4771/21/GECSKP

തീയതി: 11.11.2021

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം, പാലക്കാട് - 2021-22- ന്യൂനപക്ഷമത വിഭാഗങ്ങൾക്കുള്ള സി എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ് - റിന്യൂവൽ - സംബന്ധിച്ച്

സൂചന :- 1) ഇതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം

ന്യൂനപക്ഷമതവിഭാഗങ്ങളിലെ ബിരുദ/ ബിരുധാനന്തരബിരുദ/ പ്രൊഫഷനൽ കോഴ്സുകൾക്ക് പഠിയ്ക്കുന്ന വിദ്യാർത്ഥിനികൾക്കുള്ള സി എച്ച് മുഹമ്മദ്കോയ സ്കോളർഷിപ്പ് (റിന്യൂവൽ) 2021-22 നുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട് (അനുബന്ധം 1 കാണുക). ഇത് പ്രകാരം ഈ സ്ഥാപനത്തിൽ നിന്നും പ്രസ്തുത സ്കോളർഷിപ്പിന് മുൻ വർഷങ്ങളിൽ അർഹരായ 16 വിദ്യാർഥിനികൾ സ്കോളർഷിപ്പ് പോർട്ടൽ വഴി റിന്യൂവൽ അപേക്ഷ നൽകിയിട്ടുണ്ട് (അനുബന്ധം 2 - പട്ടിക കാണുക).

കോളേജ് തലത്തിലുള്ള പരിശോധനയ്ക്കും അംഗീകാരത്തിനുമായി ടി വിദ്യാർത്ഥിനികൾ അതാത് ക്ലാസ് ട്യൂട്ടർ മുഖാന്തിരം നേരിട്ടോ ഈ-മെയിൽ ആയോ താഴെ പറയുന്ന രേഖകൾ 2021 നവംബർ 15 ന് മുൻപ് സമർപ്പിക്കേണ്ടതാണ്.

1) അപേക്ഷകരുടെ രെജിസ്ട്രേഷൻ പ്രിൻറ് ഔട്ട്.
2) ആധാർ കാർഡിൻറെ പകർപ്പ്.
3) 2020-21 അധ്യയനവർഷത്തെ യൂണിവേഴ്സിറ്റി മാർക്ക് ഷീറ്റിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4) അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ് ബുക്കിൻറെ ഒന്നാമത്തെ പേജിൻറെ പകർപ്പ്. (പേര്, അക്കൌണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം)
5) വരുമാന സർട്ടിഫിക്കറ്റിൻറെ പകർപ്പ്.
6) ഈ അധ്യയന വർഷത്തിലെ ഹോസ്റ്റൽ ഫീ രസീത് (ബാധകമെങ്കിൽ)

അനുബന്ധപട്ടികയിലുള്ള വിദ്യാർഥിനികൾ മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത തീയ്യതിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നുവെന്ന് അതാത് ക്ലാസ് ട്യൂട്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

അനുബന്ധം:
1) കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൻറെ ഇത് സംബന്ധിച്ച വിജ്ഞാപനം.
2) സ്കോളർഷിപ്പ് പോർട്ടൽ വഴി റിന്യൂവൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥിനികളുടെ പട്ടിക.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

Draft #1 of File C4/4771/21/GECSKP Approved by Principal on 11-Nov-2021 11:41 AM - Page 1

# കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ്

## വിജ്ഞാപനം

## ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ബിരുദം/ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥിനികൾക്കുള്ള "സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) 2021-22" അപേക്ഷ ക്ഷണിച്ചു.

കേരള സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് **2021-22 അദ്ധ്യയന വർഷത്തേയ്ക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ)** പുതുക്കുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

2020-21 അദ്ധ്യയന വർഷം സ്കോളർഷിപ്പ് ലഭിച്ചവർക്കാണ് റിന്യൂവലിന് അവസരം നൽകുന്നത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000/- രൂപാ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000/- രൂപാ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000/- രൂപാ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000/- രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും വിദ്യാർത്ഥിനികളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. *www.minoritywelfare.kerala.gov.in* എന്ന വകുപ്പ് വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **11.11.2021. കൂടുതൽ വിവരങ്ങൾക്ക് 0471- 2302090, 2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**

I. **അപേക്ഷിക്കേണ്ട രീതി:**

1. *www.minoritywelfare.kerala.gov.in* എന്ന വെബ്സൈറ്റിൽ Scholarship – C.H. Mohammed Koya Scholarship (CHMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Renewal button – ൽ ക്ലിക്ക് ചെയ്യുക.
3. Application fill ചെയ്യുക
4. ഹോസ്റ്റലിൽ നിന്നും പഠിക്കുന്ന വിദ്യാർത്ഥികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് Upload ചെയ്യേണ്ടതാണ്.
5. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
6. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

II. **അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).
3. മാർക്ക് ലിസ്റ്റിന്റെ പകർപ്പ്/മാർക്ക് ലിസ്റ്റ് ലഭിച്ചിട്ടില്ലെങ്കിൽ നിർബന്ധമായും സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.
4. വരുമാന സർട്ടിഫിക്കറ്റ്
5. ഈ അദ്ധ്യയന വർഷത്തിലെ ഹോസ്റ്റൽ ഫീ രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

III. **സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്**

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (Approval)

3. ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥിനികൾ ഈ വർഷത്തെ ഹോസ്റ്റൽ ഫീ രസീത് തന്നെയാണ് സമർപ്പിച്ചിരിക്കുന്നതെന്ന് സ്ഥാപന മേധാവി പരിശോധിച്ച് ഉറപ്പ് വരുത്തുക.
4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പു വരുത്തണം. മുൻ വർഷത്തെ പരീക്ഷാഫലം വന്നിട്ടില്ലെങ്കിൽ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.( സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിരിക്കുന്നു)
5. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം.
6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.
8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തിരമോ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടതാണ്. വിലാസം. **ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33**.

## IV. അവസാന തീയതികൾ

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **11.11.2021**
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. **16.11.2021**
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. **19.11.2021**
4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. **22.11.2021**

ഡയറക്ടർ

10.11.2021 തിയ്യതിയിലെ C4/4771/21 നമ്പർ സർക്കുലറിൻറെ അനുബന്ധം 2 - സ്കോളർഷിപ്പ് പോർട്ടൽ വഴി റിന്യൂവൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥിനികളുടെ പട്ടിക.

| GOVERNMENT ENGINEEIRNG COLLEGE SREEKRSIHNAPURAM | | | |
|---|---|---|---|
| CH MUHAMMEKOYA SCHOLARSHIP RENEWAL LIST 2021-22 | | | |
| Sl. No. | Admission No. | Name of the Student | Batch |
| 1 | 20B762 | AFSHAN SANIA | IT 2020 |
| 2 | 20B820 | FATHIMA MUHSINA K | CE 2020 |
| 3 | 20B661 | FATHIMA R | EEE 2020 |
| 4 | 20B370 | FIDA PP | CSE 2020 |
| 5 | 19B403 | HADIYA EBRAHIM | EEE 2019 |
| 6 | 18B056 | JAHANA SHIRINE K C | CSE 2018 |
| 7 | 18B060 | MAJIDHA R J | CSE 2018 |
| 8 | 20B143 | MINHA SHERIN PC | EEE 2020 |
| 9 | 19B400 | MIZAJA PARVEEN K | EEE 2019 |
| 10 | 19B103 | NIDHA HAMEED T H | CSE 2019 |
| 11 | 19B312 | RISVA A RAHIMAN | EEE 2019 |
| 12 | 18B453 | RUBEENA MISRIN P | IT 2018 |
| 13 | 19B311 | SABNA K I | EEE 2019 |
| 14 | 17B511 | THAMANNA M | CE 2020 |
| 15 | 18B049 | THASLEEMA N M | CSE 2018 |
| 16 | 18B574 | THESNI.K.N | IT 2018 |

Draft #1 of File C4/4771/21/GECSKP Approved by Principal on 11-Nov-2021 11:41 AM - Page 5